II ഇ.ബി.XIV-കേരള നിയമസഭ/V-21

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

75(*631) വിനോദസഞ്ചാരകേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതയുള്ള മേഖലകളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും ആലപ്പുഴ-തലശ്ശേരി, മുസിരിസ്സ് എന്നീ പൈതൃക സംരക്ഷണ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി

44.14 കോടി രൂപയുടെയും ശബരിമല-ശ്രീപത്മനാഭസ്വാമി ക്ഷേത്ര വികസനത്തിനായി 92.44 കോടി രൂപയുടെയും എരുമേലി-പമ്പ-സന്നിധാനം ടൂറിസം വികസനത്തിനായി 99.99 കോടി രൂപയുടെയും പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനപ്രവർത്തനത്തിനുമായി 99.22 കോടി രൂപയുടെയും കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഇക്കോ ടൂറിസം സർക്യൂട്ടിലുൾപ്പെട്ട ഗവി-വാഗമൺ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരുന്നുണ്ടെന്നും കോവളം -പൂവ്വാർ ടൂറിസം കോറിഡോർ, കുമരകം ഫോർട്ട് കൊച്ചി, തേക്കടി, നിലമ്പൂർ, കക്കയം-പെരുവണ്ണാമുഴി, ഗോൾഡൻ വാലി അഷ്ടമുടി, അതിരപ്പിള്ളി, മൂന്നാർ തുടങ്ങിയവ ടൂറിസം വികസനത്തിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഫോർട്ട് ട്രസ്റ്റ്, ജിറ്റ്പാക്, ടാറ്റാ കൺസൾട്ടൻസി തുടങ്ങിയ വിവിധ ഏജൻസികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ, സംരംഭകർ, ഉപഭോക്താക്കൾ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് നടപ്പിലാക്കിവരുന്നത്. മുടങ്ങിക്കിടക്കുന്ന ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും സാങ്കേതികാനുമതിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമിതികൾ

രൂപീകരിച്ചിട്ടുണ്ടെന്നും യുവ വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്നും മന്ത്രി അറിയിച്ചു. കുട്ടമ്പുഴ പഞ്ചായത്തിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഉത്തര മലബാറിലെ നദികൾ കേന്ദ്രീകരിച്ച് 300 കോടി രൂപയുടെ ടൂറിസം പദ്ധതി തയ്യാറാക്കിവരുന്നുണ്ടെന്നും വയനാട് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമെന്നും അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ മുന്നറിയിപ്പുകൾ/സൈൻബോർഡുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ് ഗാർഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടെന്നും ഇവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

76(*632) <u>കേരള കായിക ക്ഷമതാ മിഷൻ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, നേഴ്സറി തലം മുതൽ സീനിയർ സിറ്റിസൺ വരെയുള്ള ജനവിഭാഗങ്ങൾക്ക് കായിക ക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിനായി കേരള കായിക ക്ഷമതാ മിഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ഇതിനായി ഗ്രാമപ്പഞ്ചായത്ത്, തദ്ദേശഭരണ

സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളുടെ പങ്കാളിത്തത്തോടെ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെന്ന ലക്ഷ്യത്തോടെ 31 കളിസ്ഥലങ്ങൾക്കും 7 ജില്ലാ സ്റ്റേഡിയങ്ങൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്പോർട്സ് ക്ലബ്ബുകളെ പ്രയോജനപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ കായികോപകരണങ്ങൾ വിതരണം ചെയ്യുമെന്നും ഗ്രാമമേഖലയിലെ കളിസ്ഥലങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്പോർട്സ് വികസന പദ്ധതിയിൽപ്പെടുത്തി വികസിപ്പിക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും കോളേജ് വിദ്യാർത്ഥികൾക്കിടയിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫുട്ബോൾ അക്കാദമി ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. കായികതാരമായ സി.കെ. വിനീതിന് ജോലി സംരക്ഷണം ഉറപ്പാക്കുമെന്നും ഹോക്കി താരമായ മാനുവൽ ഫ്രെഡറിക്കിനും ഒളിമ്പിക് താരമായ ഒ.പി. ജെയിഷയ്ക്കും അർഹമായ ആനുകൂല്യം നൽകുന്ന കാര്യവും ഒളിമ്പ്യന്മാരായ ആളുകളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കോച്ചുമാരായി നിയമിക്കുന്ന കാര്യവും പരിശോധിക്കുമെന്നും കോരുത്തോട് സി. കേശവൻ മെമ്മോറിയൽ ഹൈസ്കൂളിന്റെയും പൂഞ്ഞാർ ജി. വി. രാജാ സ്പോർട്സ് സ്റ്റേഡിയത്തിന്റെയും

വിഷയങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

77(*633 &*653) ജി.എസ്.ടി. ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കുന്നതിനാവശ്യമായ ബാക്ക് എൻഡ് ഐ.റ്റി. ചട്ടക്കൂടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ചിട്ടുണ്ടെന്നും എൻ.ഐ.സി.യുടെ സഹകരണത്തോടെ ടി പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ടെന്നും ജി.എസ്.ടി. നിലവിൽ വരുന്നതോടെ റിട്ടേൺ ഫയൽ ചെയ്യലും ഒത്തുനോക്കലും രജിസ്ട്രേഷനെടുക്കലും ഓൺലൈനാവുകയും നികുതിഭരണം കാര്യക്ഷമമാവുകയും ചെയ്യുമെന്നതിനാൽ പരസ്യനികുതി പിരിവ് ഗണ്യമായി വർദ്ധിക്കുമെന്നും ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആലോചിച്ച് തീരുമാനമെടുക്കുമെന്നും സഭയെ അറിയിച്ചു. ബന്ധപ്പെട്ട വകുപ്പിലെ 1,517 ജീവനക്കാർക്ക് ജി.എസ്.ടി. നിയമം സംബന്ധിച്ചും 50 പേർക്ക് ജി.എസ്.ടി.യുടെ സാങ്കേതികവിദ്യയെക്കുറിച്ചും തമിഴ്നാട്ടിലെ കാഞ്ചീപുരം ഇൻഫോസിസ് കാമ്പസിൽ വച്ചും പരിശീലനം നൽകുകയും ജി.എസ്.ടി.എൻ.ന്റെ നേതൃത്വത്തിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽവച്ചും മതിയായ പരിശീലനം നൽകിയിട്ടുണ്ടെന്നും അവശേഷിക്കുന്നവർക്കുള്ള

സാങ്കേതികപരിശീലനം ജില്ലാകേന്ദ്രങ്ങളിൽ പുരോഗമിച്ചുവരികയാണെന്നും ടി നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പും സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസും ചേർന്ന് എൺപതോളം കേന്ദ്രങ്ങളിൽ ക്ലാസ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജി.എസ്.ടി.-യിലൂടെ സമ്പൂർണ്ണ സ്വയം പോലീസിംഗ് സംവിധാനം നിലവിൽ വരുമെന്നും നികുതി വെട്ടിപ്പ് തടയാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഭൂമിയുടെ ക്രയവിക്രയത്തിലും-വാഹന-തൊഴിൽ നികുതി ഇനങ്ങളിലുമായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ചിരുന്ന വിഹിതത്തിൽ 15 ശതമാനം വർദ്ധനവ് വരുത്തുമെന്നും ലോട്ടറിയുടെ ഫേസ് വാല്യൂവിൽ 28 ശതമാനം നികുതി ഏർപ്പെടുത്തുമെന്നും ചെക്ക് പോസ്റ്റുകൾ നിലനിർത്തുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുമെന്നും കേരള മൂല്യവർദ്ധിത നികുതിയിലെയും ജനറൽ സെയിൽസ് ടാക്സ് ആക്ടിലെയും വ്യവസ്ഥകൾ നിലനിർത്തുന്നതിന് നിയമത്തിൽ സേവിംഗ് ക്ലോസ് ഉൾപ്പെടുത്തുമെന്നും വാറ്റ് കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സെസ്സ് നിർത്തലാക്കുന്നതിലൂടെ റബ്ബർ - സ്പൈസസ് - കോക്കനട്ട് ഡെവലപ്മെന്റ് ബോർഡുകൾക്ക് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന ഏജൻസികൾ വഹിക്കുമെന്നും പെട്രോളിയം സെസ്സിനുപുറമെ മറ്റ് വരുമാന സ്രോതസ്സുകളെക്കുറിച്ച് കിഫ്ബി നിയമത്തിൽ

വ്യക്തമാക്കിയിട്ടുണ്ടെന്നും ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ എം.ആർ.പി., നിലവിലെ നികുതി, പുതിയ നികുതി എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുമെന്നും ഐസ്, മെഴുകുതിരി എന്നിവയ്ക്ക് നികുതി ഏർപ്പെടുത്തിയതു സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5727 മുതൽ 5921 വരെയുള്ള ചോദ്യങ്ങളിൽ 123 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)